**'ഭരണഭാഷ-മാതൃഭാഷ'**

आज़ादी का अमृत महोत्सव

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം – ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം – ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിൽ ടൂർ ഗൈഡ് ആയി ജോലി ചെയ്തു വരവെ 18/09/2022 ന് മരണപ്പെട്ട ലാല്വ എൽ-ന്റെ ഇൻഷ്വറൻസ് ക്ലെയിം തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.7306/2024/ധന** **തീയതി,തിരുവനന്തപുരം,03/10/2024**

പരാമർശം :-
1. 23/11/2010 ലെ സ.ഉ(പി) നം. 616/2010/ധന
2. 28/02/2023- ലെ ഇൻഷ്വറൻസ് ഡയറക്ടറുടെ ഇൻഷ/ജി.പി.എ.ഐ.എസ് /എം.3/ഇ 216014/22 നമ്പർ കത്ത്
3. 23/11/2021 തീയതിയിലെ സ.ഉ(പി) 153 / 2021 / ധന
4. ശ്രീമതി.സജിത ലാല്വ ധനകാര്യ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ

**ഉത്തരവ്**

ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിൽ ടൂർ ഗൈഡ് ആയി ജോലി ചെയ്തു വരവെ 13/09/2022 തീയതിയിൽ വാഹന അപകടത്തെ തുടർന്ന് ചികിത്സയിലിരിക്കെ 18/09/2022 ന് മരണപ്പെട്ട ലാല്വ എൽ-ന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനായി ശ്രീമതി. സജിത ലാല്വ ഇൻഷ്വറൻസ് വകുപ്പിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എസ്.എൽ.ഐ, ജി.ഐ.എസ് എന്നിവയിൽ അംഗത്വം നേടിയിരുന്നില്ല എന്ന കാരണത്താൽ പരാമർശം (2) പ്രകാരം ഇൻഷ്വറൻസ് ഡയറക്ടർ അപേക്ഷ നിരസിച്ചിരുന്നു. തുടർന്ന് ശ്രീമതി. സജിത ലാല്വ ധനകാര്യ സെക്രട്ടറി മുമ്പാകെ പരാമർശം (4) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചു. അപ്പീൽ അപേക്ഷയിന്മേൽ അന്തിമ തീർപ്പ് കൽപ്പിക്കുന്നതിനായി പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 12(ഡി) പ്രകാരം അപേക്ഷകയേയും ഇൻഷ്വറൻസ് വകുപ്പിൽ നിന്നുള്ള പ്രതിനിധിയേയും ഉൾപ്പെടുത്തി ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ഹിയറിംഗ് നടത്തിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മരണപ്പെട്ട ലാല്വ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയിൽ ഇൻഷ്വർ ചെയ്തിട്ടുള്ളതാണ്. ക്ലെയിം അപേക്ഷയും , ക്ലെയിം അനുബന്ധരേഖകളായ പോസ്റ്റ്മോർട്ടം റിപ്പോർട്ട്, എഫ്.ഐ.ആർ, സംഭവ സ്ഥല മഹസ്സർ, പോലീസ് ഫൈനൽ റിപ്പോർട്ട് ,ഡെവലപ്മെന്റ് ഓഫീസറുടെ ഫിസിക്കൽ വെരിഫിക്കേഷൻ റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും ഹിയറിംഗ് വേളയിൽ ബോദ്ധ്യപ്പെട്ട വസ്തുതകളുടെ വെളിച്ചത്തിലും ലാല്വ കുണ്ടറ-കൊട്ടിയം റോഡ് ക്രോസ്സ് ചെയ്ത

സമയം എതിർദിശയിൽ നിന്ന് അമിതവേഗതയിൽ ഓടിച്ചു വന്ന ആക്ടീവ സ്കൂട്ടർ ഇടിച്ച് റോഡിൽ തെറിച്ച് വീണ് തലയുടെ പുറകുവശത്തുണ്ടായ ഗുരുതര പരിക്കിന്റെ കാഠിന്യത്താലാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ 18/09/2022 തീയതി രാത്രി 08.15-ന് മരണം സംഭവിച്ചതെന്ന് വ്യക്തമായിട്ടുണ്ട്. ഈ സാഹചര്യത്തിലും ജി.പി.എ.ഐ.എസ് പദ്ധതി ഓരോ വർഷവും പുതുക്കുന്ന പദ്ധതിയായതിനാൽ മരണപ്പെട്ടപ്പോൾ 50 വയസ്സ് പൂർത്തിയായിരുന്ന ലാല്ലുവിന് എസ്.എൽ.ഐ. & ജി.ഐ.എസ് എന്നിവയിൽ അംഗത്വം നേടിയിരിക്കണമെന്നത് ബാധകമായിരുന്നില്ലെന്ന വസ്തുത കണക്കിലെടുത്തും സൂചന (3)-ലെ ഉത്തരവ് പ്രകാരം ലാല്ലു.എൽ-ന്റെ പേരിലുള്ള ജി.പി.എ.ഐ.എസ് ക്ലെയിം തുകയായ 10 ലക്ഷം രൂപ അപ്പീൽ അപേക്ഷകയും നോമിനിയുമായ ശ്രീമതി. സജിത ലാല്ലുവിന് അനുവദിച്ചു ഉത്തരവാകുന്നു.

പ്രസ്തുത ചെലവ് "8011- ഇൻഷുറൻസ് ആന്റ് പെൻഷൻ ഫണ്ട് 105-സംസ്ഥാന ഗവൺമെന്റ് ഇൻഷുറൻസ് ഫണ്ട്-89-ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ശ്രീനി.ജി**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ്**

അക്കൗണ്ടന്റ് ജനറൽ (എ&ഇ )കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം

ഇൻഷുറൻസ് ഡയറക്ടർ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in

ശ്രീമതി. സജിത ലാല്ലു ,ശാരദ മന്ദിരം, പെരുമ്പുഴ, പെരുമ്പുഴ പി.ഒ

കൊറ്റംകര, കൊല്ലം 691504

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(ഇ : 2671949)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ